# Week -2




## Reply in Action (മറുപടി പ്രവർത്തിയിൽ)

2003 ലെ ലോകകപ്പ് ക്രിക്കറ്റിൽ ഇൻഡ്യയും പാക്കിസ്ഥാനും തമ്മിൽ കളിക്കുന്നതിനു മുമ്പ് പാക്കിസ്ഥാന്റെ ഫാസ്റ്റ് ബൗളർ ആയ ഷോയബ് അക്തർ പത്രപ്രവർത്തകരോട് സച്ചിൻ ടെണ്ടുൽക്കറെപ്പറ്റി വളരെ മോശമായാണ് സംസാരിച്ചത്. സച്ചിൻ ഒരു സാധാരണ ബാറ്റ്സ്മാൻ ആണെന്നും, നാളത്തെക്കളിയിൽ ആദ്യത്തെ ഓവറിൽതന്നെ താൻ സച്ചിനെ ഔട്ടാക്കുമെന്നും വീമ്പിളക്കി. ഇതിനെതിരായി ഒരു വാക്കും പ്രതികരിക്കാതെ , സച്ചിൻ തന്നെ ആക്ഷേപിച്ച വ്യക്തിയുടെ ആദ്യ ഓവറിൽ പതിനെട്ട് റൺസ് എടുത്ത് മനോഹരമായി മറുപടി നൽകി.

വാക്കുകൾക്ക് ശക്തിയുണ്ട്. വാക്കുകൾ കൊണ്ട് ആശ്വസിപ്പിക്കുവാനും , ധൈര്യപ്പെടുത്തുവാനും മാത്രമല്ല വേദനിപ്പിക്കുവാനും കഴിയും. എല്ലാ മണ്ഡലങ്ങളിലും പരിഹാസികൾ ഉണ്ടെന്നുള്ളത് ഓർക്കുക. എന്നാൽ പരിഹാസത്തിനു പകരം പരിഹസിപ്പാനുള്ള അധികാരം ദൈവം

ആർക്കും നൽകിയിട്ടില്ല. ഇതിന് ദൈവവചനം നിർദ്ദേശിക്കുന്ന മരുന്നാണ് ക്ഷമ. പരിഹാസിയുടെ മുമ്പിൽ നാവിന് കടിഞ്ഞാണിട്ട് , പ്രവർത്തിയിൽ

തെളിയിക്കുകയാണ് ഏറെ നല്ലത്, ധൈര്യം നൽകുന്നവൻ നമ്മെ വിജയികളാക്കുവാനും പ്രാപ്തനാണ്.

യേശുക്രിസ്തു ക്രൂശീകരണ സമയത്ത് പരിഹാസ വാക്കുകൾ മാത്രമല്ല, വെല്ലുവിളികളും കേൾക്കേണ്ടതായി വന്നു. ശരീരം മുഴുവൻ മുറിവേൽപിച്ചത് കൂടാതെ കൂർത്തകല്ലുകൊണ്ടുള്ള ഏറുപോലെ മുനയുളള വാക്കുകളാൽ അവന്റെ മനസ്സിനെ വേദനിപ്പിച്ചു. എന്നാൽ ഒരു വാക്ക് കൊണ്ടുപോലും അവൻ ആരെയും വേദനിപ്പിച്ചില്ല. അവരുടെ അറിവില്ലായ്മ മൂലം ചെയ്തത് എന്തെന്ന് അറിയാത്തതിനാൽ അവരോട് ക്ഷമിക്കേണമേ എന്ന് പിതാവിനോട് പ്രാർത്ഥിച്ചു.(ലൂക്കോ:23:24)തന്നോടൊപ്പം തൂക്കിയ ദുഷ്പ്രവർത്തിക്കാരിൽ ഒരുത്തൻ ദുഷിച്ചു എങ്കിലും തന്നെ ഓർക്കേണമേ എന്ന് അപേക്ഷിച്ചവന് ഉടൻ അനുഗ്രഹവും ലഭിച്ചു

(ലൂക്കോ:23:39-43).

കാരണം കൂടാതെ മോശയെ അവഹേളിച്ച മിർയ്യാമിന് ലഭിച്ച ദൈവീക ശിക്ഷ സഭയുടെ യാത്ര മുടക്കി Read സംഖ്യ:(12:1-16) അവഹേളിക്കുന്നവർ അഭിനന്ദിക്കുന്ന സാഹചര്യം ഒരുക്കുവാൻ ദൈവപ്രവർത്തിക്കു മാത്രമേ കഴിയുകയുള്ളൂ. മെലിത്ത ദ്വീപിലെത്തിയ പൌലോസിന്റെ അനുഭവം ഇതിനുദാഹരണമാണ്.Read അപ്ര:(28:1-16)

ഗുണകരമായ സംസാരത്തിന് അനുവർത്തിക്കേണ്ട ചില കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നല്ലതാണ്.

1. ഏത് വിഷയമായാലും ശ്രദ്ധയോടെ കേൾക്കുക.
2. ഞാൻ സംസാരിക്കുന്നതു മാത്രം ശരി എന്ന് കരുതരുത്.
3. നമ്മോട് സംസാരിക്കുന്ന ആളിന് നാം പറയുന്ന കാര്യങ്ങൾ കേൾക്കേണ്ട കാര്യമുണ്ടോ എന്ന് ചിന്തിച്ചിട്ടേ പറയുവാൻ പാടുള്ളൂ.
4. സംസാരിക്കുമ്പോൾ നല്ല വാക്കുകൾ ഉപയോഗിക്കുക.
5. സൗമ്യതയോടെ സംസാരിക്കുക.

6. കേൾപ്പാൻ വേഗതയും പറയുവാൻ താമസവുമുള്ളവരാകുക.

7. കോപം പാടില്ല കാരണം അത് ദൈവീകനീതി നിവർത്തിക്കുന്നില്ല. ഈ സപ്ത നിയമങ്ങൾ ശ്രദ്ധിച്ചാൽ സമാധാനം ലഭ്യമാകും. "തന്റെ വായുടെ ഫലത്താൻ മനുഷ്യൻ നന്മ അനുഭവിക്കും" എന്ന് സദൃ:(13:2) കാണാം. അതിനാൽ നമുക്കും മറ്റുള്ളവർക്കും നന്മ ഉണ്ടാകുവാനായി നല്ല വാക്കുകൾ സംസാരിപ്പാനും , നല്ല പ്രവർത്തി ചെയ്യുവാനും ദൈവം സഹായിക്കട്ടെ. Read യാക്കോബ്:(3:5-6), സങ്കീ: (5:14)



## പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ പിതാവേ ! മറ്റുള്ളവർക്ക് പ്രോത്സാഹനവും , ആശ്വാസവും നൽകുന്ന വാക്കുകൾ ഞങ്ങളുടെ നാവിൽ തരേണമേ. നാവു കൊണ്ട് പാപം ചെയ്യാതെ, ദോഷം ചെയ്യാതെ, ഞങ്ങളുടെ നാവു കൊണ്ട് യേശു കർത്താവ് എന്ന് സാക്ഷിപ്പാൻ കൃപ നൽകേണമേ

ആമേൻ

**Santhamma Varghese**